റോഡുകളുടെ ഉപരിതലം പുതുക്കുന്ന പദ്ധതി

344 (1429) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകളുടെ ഉപരിതലം പുതുക്കുന്നതിന് ഏതെങ്കിലും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സംസ്ഥാനത്ത് റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരളാ ലിമിറ്റഡിന്റെ കീഴിൽ 83 കി.മീ. നിളം വരുന്ന 4 റോഡുകളുടെ ഉപരിതലം പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി-കാഞ്ഞിരംകവല (36.10 കി.മീ.) റോഡിന്റെയും തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് -ചെറ്റച്ചൽ (21.90 കി.മീ.) റോഡിന്റെയും വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് പി.പി.പി./ ആന്വിറ്റി മാതൃകയിൽ ടെണ്ടർ വിളിക്കുകയും കുറഞ്ഞ നിരക്ക് കാട്ട് ചെയ്ത M/s. Inkel Ltd. in Consortium with M/s. EKK & Co. എന്ന സ്ഥാപനത്തിന് ലെറ്റർ ഓഫ് അവാർഡ് (LoA) നൽകുകയും ചെയ്തിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ വിദ്യാനഗർ-മായിപ്പാടി-സീതാംഗോളി (9.40) കി.മീ.) റോഡിന്റെയും ഉപ്പള (15.60 കി.മീ.) റോഡിന്റെയും പ്രവൃത്തികൾക്കുള്ള ടെണ്ടർ പി.പി.പി./ആന്വിറ്റി മാതൃകയിൽ ചെയ്യുന്നതിന് 17-12-2015 അവസാന തീയതി വെച്ച് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

(സി) ഈ പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള ഭരണാനുമതി 22-5-2015-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ. 43/2015/പൊ.മ.വ. പ്രകാരം നൽകിയിട്ടുണ്ട്.

ഞാറക്കൽ മഞ്ഞനക്കാട് പാലം നിർമ്മാണം

345 (1430) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറക്കൽ മഞ്ഞനക്കാട് പാലത്തിന്റെ നിർമ്മാണത്തിനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പ്രൊജക്ടിന് ഭരണാനുമതി ലഭിച്ചതെപ്പോഴെന്ന് വ്യക്തമാക്കാമോ;

(സി) ടെൻഡർ ഇതുവരെ ക്ഷണിച്ച നടപടി സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(ഡി) പദ്ധതിയുടെ വിശദമായ സമയക്രമത്തിന് രൂപമായിട്ടുണ്ടോ; എങ്കിൽ അതു പ്രകാരമുള്ള കാലതാമസം എന്തു കൊണ്ടെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ശ്രദ്ധയിലേയ്ക്ക് വയ്ക്കുന്നു.

(ബി) പദ്ധതി നിർവ്വഹണത്തിന് 8-11-2012-ലെ സർക്കാർ ഉത്തരവ് നമ്പർ 1885/2012/ഫിനാൻസ് പ്രകാരം 200 രൂപയുടെ മുദ്രപത്രത്തിൽ കരാർ വച്ചിട്ടുണ്ട്.

(സി&ഡി) പദ്ധതി നിർവ്വഹണത്തിനുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി രൂപരേഖയ്ക്ക് അംഗീകാരം ലഭിച്ചശേഷം ടെൻഡർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രതിനിധി ഡ്രോയിംഗ് തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ പരിശോധനയ്ക്കു ശേഷം ഡിറ്റെയിൽഡ് ഡ്രോയിംഗ് തയ്യാറാക്കുന്നതാണ്.

ഒറ്റത്തവണ പുനഃക്രമീകരണ പദ്ധതി

346 (1431) ശ്രീ. കെ. കുഞ്ഞമ്മദ് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യത്തിന് വേണ്ടി ബഹു. മന്ത്രി സദയം മറുപടി നൽകുമോ*

(എ) ഒറ്റത്തവണ പുനഃക്രമീകരണ പദ്ധതി പ്രകാരം സഹകരണത്തെ ദേശീയവൽക്കരിച്ച ബാങ്കുകൾക്ക് എത്ര രൂപ അനുവദിച്ചിരുന്നു എന്ന് ജില്ല തിരിച്ചു വിശദമാക്കുമോ;

(ബി) കോഴിക്കോട് ജില്ലയിലെ വിവിധ സഹകരണ സംഘങ്ങളിലെ കുടിശ്ശികക്കാരുടെ വായ്പകൾക്ക് അനുവദിച്ചിരുന്ന തുക എന്ന് വ്യക്തമാക്കുമോ;

(സി) ഓരോരു സംഘത്തിലെയും കുടിശ്ശികക്കാരുടെ പേരുവിവരം പ്രത്യേകം പ്രത്യേകം വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രവർത്തികൾക്ക് അനുമതി നൽകുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷത്തിൽ, ഒറ്റത്തവണ പുനഃക്രമീകരണ പദ്ധതി പ്രകാരം സഹകരണത്തെ ദേശീയവൽക്കരിച്ച ബാങ്കുകൾക്ക് 400 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.

* ചോദ്യമായിത്തീർന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly